# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 09/ 08/ 2018

---

## ‘തിരുമുല്ലവാരം കർക്കിടകവാവ് ബലിതർപ്പണത്തിനോടനുബന്ധിച്ച് കൊല്ലം റൗണിൽ പോലീസ് ഏർപ്പെടുത്തിയിട്ടുള്ള ഗതാഗത നിയന്ത്രണങ്ങൾ’

കൊല്ലം : ഈ വർഷത്തെ കർക്കിടകവാവ് ബലിതർപ്പണത്തിനായി തിരുമുല്ലവാരം ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്കായി കൊല്ലം ചിന്നക്കടയിൽ നിന്നും ചവറ ഭാഗത്തേയ്ക്ക് പോകുന്ന പ്രൈവറ്റ്, KSRTC ഓർഡിനറി ബസ്സുകൾ സാധാരണ പോലെ അമ്മച്ചിവീട് - മുണ്ടാലുംമൂട് വഴി സർവ്വീസ് നടത്തേണ്ടതും, ചവറ ഭാഗത്തു നിന്നും വരുന്ന പ്രൈവറ്റ് ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ വെള്ളയിട്ടമ്പലം ഭാഗത്തുനിന്നും തിരിഞ്ഞ് മുളങ്കാടകം ജംഗ്ഷനിൽ ഭക്തജനങ്ങളെ ഇറക്കിയശേഷം ഹൈവേ വഴി കൊല്ലം – ചിന്നക്കട ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.

അമ്മച്ചിവീട് – മുണ്ടാലുംമൂട് – വെള്ളയിട്ടമ്പലം റൂട്ടിൽ ചവറ ഭാഗത്തേയ്ക്കുള്ള സർവ്വീസ് ബസ്സുകൾക്ക് മാത്രമേ പ്രവേശനം ഉണ്ടായിരിക്കുകയുള്ളു.

**പാർക്കിംഗ്.**

ചിന്നക്കട ഭാഗത്തുനിന്നും ബലിതർപ്പണത്തിനായി വരുന്ന ടൂവീലർ, ആട്ടോ റിക്ഷാ മറ്റ് പ്രൈവറ്റ് വാഹനങ്ങൾ അമ്മച്ചിവീട് ജംഗ്ഷനിൽ ആളിനെ ഇറക്കിയ ശേഷം പോലീസിന്റെ നിർദ്ദേശപ്രകാരം സെന്റ് അലോഷ്യസ്, ഇൻഫന്റ് ജീസസ് സ്കൂൾ ഗ്രൗണ്ടുകളിൽ പാർക്കുചെയ്യേണ്ടതും ചവറ ഭാഗത്തുനിന്നും വരുന്ന ടൂവീലർ ഉൾപ്പെടെയുള്ള പ്രൈവറ്റ് വാഹനങ്ങൾ മുളങ്കാടകം ജംഗ്ഷനിൽ ആളിനെ ഇറക്കിയശേഷം മുളങ്കാടകം ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിലും മുളങ്കാടകം ക്ഷേത്ര മൈതാനത്തും വാഹനങ്ങൾ പാർക്ക് ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും ടൂവീലറുകൾക്ക് മുണ്ടാലും മൂട് – തിരുമുല്ലവാരം ഭാഗത്തേയ്ക്ക് പ്രവേശനം അനുവദിക്കുന്നതല്ല. ഹൈവേയുടെയും മറ്റ് പ്രധാന റോഡുകളുടെ ഇരുവശങ്ങളിലും യാതൊരു കാരണവശാലും പാർക്കിംഗ് അനുവദിക്കുന്നതല്ല.

തിരുവന്തപുരത്തുനിന്നും ആലപ്പുഴ ഭാഗത്തേയ്ക്ക് വരുന്ന വലിയ വാഹനങ്ങൾ കൊട്ടിയത്തു നിന്നും തിരിഞ്ഞ് കണ്ണനല്ലൂർ – കുണ്ടറ വഴി പോകേണ്ടതും ആലപ്പുഴ നിന്നും തിരുവനന്തപുരം ഭാഗത്തേയ്ക്ക് വരുന്ന വാഹനങ്ങൾ ചവറ ടൈറ്റാനിയം ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് ഭരണിക്കാവ് – കുണ്ടറ – കൊട്ടിയം വഴി പോകേണ്ടതുമാണ്.

ബലിതർപ്പണത്തിന് എത്തുന്നവരുടെ സൗകര്യത്തിനായി പോലീസ് ഏർപ്പെടുത്തുന്ന ഗതാഗത ക്രമീകരണങ്ങൾ പാലിക്കണമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.